പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2101

19.06.2012-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിൽ സ്പോർട്സ് ഗ്രൗണ്ടുകളുടെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ് | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ എസ്.എം.ജെ.എച്ച്.എസ് തൈക്കാട്ടുശ്ശേരി, ജി.യു.പി.എസ് അരൂക്കുറ്റി, സെന്റ് മേരീസ് എച്ച്.എസ് മണപ്പുറം എന്നീ സ്കൂളുകളിൽ സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കണം എന്ന സ്ഥലം എം.എൽ.എ യുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) | തൈക്കാട്ടുശ്ശേരി എസ്.എം.ജെ.എച്ച്.എസ് ബാസ്ക്കറ്റ് ബോൾ കോർട്ട് നിർമ്മിയ്ക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. നിശ്ചിതഫോറത്തിലുള്ള അപേക്ഷയും, പ്ലാനും ലഭിയ്ക്കുന്ന മുറയ്ക്ക് 2012-13 വർഷം പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ജി.യു.പി.എസ് അരൂക്കുറ്റി, സെന്റ് മേരീസ് എച്ച്.എസ്, മണപ്പുറം ഇവയുടെ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും പ്ലാനും ലഭിക്കുന്ന മുറയ്ക്ക് അപേക്ഷകൾ 2012-13 വർഷത്തെ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാലയങ്ങളിൽ സ്പോർട്സ് അടിസ്ഥാന സൗകര്യവികസനത്തിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളത് ; ആയത് നടപ്പിലാക്കുന്നത് എപ്രകാരമാണ് ; അരൂർ മണ്ഡലത്തിലെ സർക്കാർ-എയിഡഡ് വിദ്യാലയങ്ങളിൽ സ്പോർട്സ് അടിസ്ഥാന സൗകര്യവികസനത്തിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിലിന് നിർദ്ദേശം നൽകുമോ ; ഇപ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ സംസ്ഥാന സ്പോർട്സ് കൗൺസിലിനും സ്പോർട്സ് വകുപ്പിനും നിർദ്ദേശം നൽകുമോ ? | (ബി) | കളിസ്ഥല നവീകരണ/വികസനപദ്ധതി പ്രകാരം 5 ലക്ഷം രൂപ വരെ സ്കൂളുകൾക്കും/ പഞ്ചായത്തുകൾക്കും/ക്ലബ്ബുകൾക്കും ഫണ്ടനുവദിക്കുന്ന ഒരു പദ്ധതി നിലവിലുണ്ട്. മുൻ വർഷങ്ങളിൽ ഫണ്ട് അനുവദിച്ച സ്ഥാപനങ്ങളധികവും ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഇപ്പോൾ നിർത്തിവച്ചിരിയ്ക്കുകയാണ്. |

സെക്ഷൻ ഓഫീസർ